ശ്രീ. എ. കുഞ്ഞൻനാടാർ : ഈ വിദഗ്ദ്ധന്മാർ ഇവിടെവന്നു പരിശോധിച്ചതിനശേഷമാണോ അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളത്?

ശ്രീ. കെ. ഐ. വേലായുധൻ : ഇവിടെവന്ന സ്ഥലത്തിന്റെ സ്ഥിതിയെപ്പറ്റി പഠിച്ചിട്ടും പൂനാ റിസർച്ച് സ്റ്റേഷനിൽ അതിനെപ്പറ്റി പരിശോധിച്ചിട്ടുമാണ് അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. എ. കുഞ്ഞൻനാടാർ : കളച്ചലിലുള്ള കടലാക്രമണത്തെ തടയുന്നതിനു എന്തു നടപടിയാണ് എടുത്തിട്ടുള്ളത്?

ശ്രീ കെ. ഐ. വേലായുധൻ : താൽക്കാലികമായി ചില നടപടികൾ എടുത്തിട്ടുണ്ട്. ഇപ്പോൾ ചില നടപടികൾ എടുക്കേണ്ടതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുന്നു.

SHRI T. T. DANIEL : May I know, how many houses have been damaged by the recent sea erosion in Kolachal?

SHRI K. I. VELAYUDHAN : No figures are available with me now.

SHRI T. T. DANIEL : Will the Government be pleased to take proper measures to prevent further sea erosion in Kolachal?

SHRI K. I. VELAYUDHAN : Yes.

ശ്രീ. പി. കെ. യശോധരൻ : എന്റെ ചോദ്യം മനസ്സിലാക്കാതെയാണ് ഉത്തരം പറഞ്ഞതു്. കടലാക്രമണംകൊണ്ടു് സുരക്ഷിതത്വമില്ലാത്ത ആളുകൾക്ക് സങ്കേതം നൽകുന്നതിനെപ്പറ്റിയാണ് ഞാൻ ചോദിച്ചതു്?

ശ്രീ. കെ. ഐ. വേലായുധൻ : കടലാക്രമണംമൂലം സുരക്ഷിതത്വമില്ലാതെ കഴിയുന്ന കടലോരവാസികൾക്ക് ആശ്വാസകരമായി എന്തെങ്കിലും പദ്ധതി ഗവണ്മെന്റിനുണ്ടോ എന്നാണ് ചോദ്യം. അതിനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടെന്നും, അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും പറഞ്ഞതു്.

ശ്രീ. കെ. സി. ഏബ്രഹാം : നിലം നികത്തി എടുത്ത് ഇവർക്ക് ആശ്വാസം നൽകിക്കൂടേ?

ശ്രീ. കെ. ഐ. വേലായുധൻ : ആ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. സി. ഏബ്രഹാം : അതിനു സൗകര്യമുള്ള സ്ഥലങ്ങളുടെ ഒരു സർവ്വെ നടത്തുന്നതിനു ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനു നോട്ടീസുവേണം.

ആശുപത്രി കണ്ടിൻജൻസി എംപ്ലോയീസ് അസോസിയേഷൻ.

* 693. [3] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഹോസ്പിറ്റൽ കണ്ടിൻജൻസി എംപ്ലോയീസ് അസോസിയേഷനിൽനിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ജീവനെക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള വല്ല നടപടിയും ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഡ്രസ്സ്, സ്റ്റിപ്പേഴ്സ്, റിസ്ക്കലവൻസ്, ആക്ടിംഗുകാരുടെ നിയമനം ഇവ നൽകുന്നതിന് വല്ല നടപടിയും ഇതിനകം സ്വീകരിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഫാസ്റ്റിറൽ കണ്ടിൻജൻസി എംപ്ലോയീസിന്റെ രണ്ട് സംഘടനകളുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി–സി) ഇക്കാര്യങ്ങൾ ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. പി. ഗോപാലൻ: നിവേദനം ലഭിച്ചതെന്നാണ്?

ശ്രീ. എ. എ. റഹിം: കുറച്ചുദിവസങ്ങൾ മാത്രമേ ആയുള്ളൂ.

ശ്രീ. പി. ഗോപാലൻ: ടി. ബി. ആശുപത്രികളിൽ ജോലി നോക്കുന്ന കണ്ടിൻജൻസി ജീവനക്കാർക്ക് എന്തെങ്കിലും പ്രത്യേക സൗകര്യങ്ങൾ നൽകിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കയാണ്.

ശ്രീ. പ്രാക്കുളം ഭാസി: നിവേദങ്ങൾ സമർപ്പിച്ചിട്ടുള്ള രണ്ട് സംഘടനകളുടെ പേരു പറയാമോ?

ശ്രീ. എ. എ. റഹിം: ഒന്ന് കണ്ടിൻജൻറ് എംപ്ലോയീസ് അസോസിയേഷൻ, മറേറതിന്റെ പേരു് ഓർമ്മിക്കുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഇന്നലെ ഈ യൂണിയന്റെ പ്രസിഡൻറ് ശ്രീ. ദിവാകരൻ മന്ത്രിയെ കണ്ടപ്പോൾ ഡ്രസ്സ് കൊടുക്കാമെന്നു വാഗ്ദാനം ചെയ്തില്ലേ?

ശ്രീ. എ. എ. റഹിം: ഡ്രസ്സും സ്റ്റിപ്പേഴ്സും കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: അതു് അടുത്തതന്നെ കൊടുക്കുമോ?

ശ്രീ. എ. എ. റഹിം: ഈ ബഡ്ജറ്റിൽ തുക ഉണ്ടാകുന്നപക്ഷം ഈ ബഡ്ജറ്റവർഷത്തിൽതന്നെ കൊടുക്കണമെന്നാണ് ഗവണ്മെൻറ് ആഗ്രഹിക്കുന്നതു്.

ശ്രീ. പി. ആർ. മാധവൻപിള്ള: കുറഞ്ഞ ശമ്പളക്കാരായ കണ്ടിൻജൻസി ജീവനക്കാർക്ക് കുറഞ്ഞ ചിലവിൽ അരി മുതലായ അത്യന്താപേക്ഷിത സാധനങ്ങൾ കൊടുക്കുന്നതിനു് ഗവണ്മെൻറ് തയ്യാറാകുമോ?

ശ്രീ. എ. എ. റഹിം: അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള: അതിന്റെ ആവശ്യമുണ്ടെന്നു അവർ നിവേദനം നൽകിയാലോ?

ശ്രീ. എ. എ. റഹിം: അങ്ങിനെ കുറഞ്ഞ ചിലവിൽ കൊടുക്കാൻ ഗവണ്മെൻറിനു ഡിപ്പോകളൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly